**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 571** **17-09-2025 - ൽ മറുപടിയ്ക്ക്**

**ബാലുശ്ശേരി ബൈപാസ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ബാലുശ്ശേരിയിലെ ഗതാഗതകുരുക്ക് പരിഹരിക്കുന്നതിനായി നിർമ്മിക്കാനുദ്ദേശിക്കുന്ന ബാലുശ്ശേരി ബൈപാസ് നിർമ്മാണത്തിന് നിലവിൽ എത്ര കോടി രൂപയുടെ ഡി.പി.ആർ. ആണ് കിഫ്ബിയുടെ പരിഗണനയിലുള്ളത്; വിശദമാക്കാമോ; | (എ) | ബാലുശ്ശേരി ബസ് സ്റ്റാന്റ് ബ്ലോക്ക് ബൈപാസ് റോഡ് നിർമ്മാണ പ്രവൃത്തിയ്ക്കായി ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെ 26.24 കോടി രൂപയുടെ എസ്റ്റിമേറ്റ് പദ്ധതി നിർവ്വഹണ ഏജൻസിയായ KRFB ധനാനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ആയത് കിഫ്ബി നിഷ്കർഷിക്കുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ട് ഫോർമാറ്റിൽ സമർപ്പിക്കാത്തതിനാലും, കൂടാതെ തിരുത്തലുകൾ വരുത്താനായി നിർവ്വഹണ ഏജൻസി ആവശ്യപ്പെട്ട പ്രകാരം കിഫ്ബി മടക്കി നൽകുകയും ചെയ്തിരുന്നു. തിരുത്തലുകൾ വരുത്തി പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം 51.137 കോടി രൂപയുടെ എസ്റ്റിമേറ്റ് ധനാനുമതിക്കായി കിഫ്ബിയിൽ പുനഃസമർപ്പിക്കുന്നതാണ് എന്ന് നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. |
| (ബി) | ബാലുശ്ശേരിയിലെ ബൈപാസ് നിർമ്മാണത്തിനായി കിഫ്ബിയിൽ സമർപ്പിച്ച ഡി.പി.ആർ. ന് സാമ്പത്തിക അനുമതി നല്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കാമോ? | (ബി) | ഇപ്രകാരം പുതുക്കിയ DPR നിർവ്വഹണ ഏജൻസി സമർപ്പിയ്ക്കുന്ന മുറയ്ക്ക് ആയത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി ജനറൽ ബോഡി/ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ